രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്നു. ഇവയിൽ 152 പഞ്ചായത്തുതല സംഘവും, സെറിഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്.

(ഐ) സെൻട്രൽ സിൽക്ക് ബോർഡ് തയ്യാറാക്കിയ ഒരു പ്രോജക്ട് റിപ്പോർട്ട് പ്രകാരം ഒൻപതാം പദ്ധതിയുടെ അവസാനത്തോടെ മൾബറികൃഷി, കൊക്കൂൺ ഉൽപ്പാദനം, പട്ടുനൂൽ ഉൽപ്പാദനം എന്നിവയിൽ താഴെപ്പറയുന്നവയാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

മൾബറി കൃഷി - 125000 ഏക്കർ

പട്ടുനൂൽപ്പുഴു മുട്ടവിതരണം - 50 ലക്ഷം

കൊക്കൂൺ ഉൽപാദനം - 2200 ടൺ

അസംസ്കൃത പട്ടുനൂൽ ഉൽപ്പാദനം - 203 ടൺ

ഇതിന്റെ അടിസ്ഥാനത്തിൽ നടപടികൾ എടുത്തു തുടങ്ങിയെങ്കിലും പ്രായോഗികതലത്തിൽ കർഷകരുടെ അനുഭവത്തിന്റെ വിശകലനത്തിൽ നിലവിൽ സ്വീകരിച്ച നടപടികളുടെ ഇടക്കാല അവലോകനം സെൻട്രൽ സിൽക്ക് ബോർഡ് നടത്തുന്നതിനും പദ്ധതി ലക്ഷ്യങ്ങൾ ശാസ്ത്രീയമായി പുനർക്രമീകരിച്ചു നടപ്പാക്കുന്നതിനും നടപടികൾ എടുത്തിട്ടുണ്ട്.

വ്യവസായവികസനത്തിന് മാസ്റ്റർപ്ലാൻ

23 (*293)ശ്രീ. എം.എ. തോമസ് :

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :

ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വ്യവസായ വികസനത്തിനു മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്നു വ്യക്തമാക്കുമോ;

(ബി) എങ്കിൽ എന്തൊക്കെ നടപടികളാണ് ഇതിനായി ഇതിനകം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) വ്യാവസായികവികസനത്തിന് ആവശ്യമായിട്ടുള്ള അടിസ്ഥാന സൗകര്യ വികസനങ്ങൾ സംബന്ധിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(ഡി) അടിസ്ഥാന സൗകര്യവികസനങ്ങൾക്കുവേണ്ടി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ;

(ഇ) അടിസ്ഥാന സൗകര്യവികസനത്തിനു സഹകാര്യമേഖലയെക്കൂടി പങ്കാളികളാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്നു വ്യക്തമാക്കുമോ;

(എഫ്) വ്യവസായമേഖലയിൽ കേരളത്തിന്റെ പ്രതിച്ഛായ ദേശീയ അന്തർദേശീയ രംഗങ്ങളിൽ മെച്ചപ്പെടുത്തുന്നതിനു സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആദ്യഘട്ടമായി അടിസ്ഥാനസൗകര്യ വികസനത്തിനുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കിവരുന്നു.

(സി) വ്യവസായവികസനത്തിനു ആവശ്യമായിട്ടുള്ള അടിസ്ഥാനസൗകര്യങ്ങൾ സംബന്ധിച്ച ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള ചുമതല കിൻഫ്ര, ഐ.സി.ഐ.സി.ഐ- കിൻഫ്രാ എന്ന ഒരു കൺസൾട്ടൻസി സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുണ്ട്. ഇതിന്റെ ജോലികൾ നടന്നുവരുന്നു.

(ഡി) എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളോടും കൂടി വ്യവസായവികസനത്തിനുവേണ്ടി താഴെപ്പറയുന്ന വ്യവസായപാർക്കുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കിൻഫ്ര ഏറ്റെടുത്തു നടത്തിവരുന്നു.

1. കിൻഫ്ര ഇന്റർനാഷണൽ അപ്പാരൽപാർക്ക്, തുമ്പ, തിരുവനന്തപുരം

2. ഇന്റഗ്രേറ്റഡ് ഇൻഫ്രാസ്ട്രക്ച്ചറൽ ഡെവലപ്പ്മെന്റ് സെന്റർ, തുമ്പ, തിരുവനന്തപുരം.

3. ഫിലിം വീഡിയോ പാർക്ക്, കഴക്കൂട്ടം, തിരുവനന്തപുരം.

4. എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽപാർക്ക് കാക്കനാട്, എറണാകുളം.

5. ഫുഡ് പ്രോസസ്സിംഗ് പാർക്ക്, കാക്കഞ്ചേരി, മലപ്പുറം

6. ഇൻഫർമേഷൻ ടെക്നോളജിപാർക്ക്, കാക്കഞ്ചേരി, മലപ്പുറം ജില്ല.

7. ചെറുകിട വ്യവസായപാർക്കുകൾ

എ. ശീതഗോളി, കാസർകോട് ജില്ല.

ബി. തലശ്ശേരി, കണ്ണൂർ ജില്ല.

സി. മഴുവന്നൂർ, എറണാകുളം ജില്ല

കെ.എസ്.ഐ.ഡി.സി.യുടെ മേൽനോട്ടത്തിൽ നാലുവ്യവസായ വളർച്ചാകേന്ദ്രങ്ങൾ സ്ഥാപിച്ചുവരുന്നു. കണ്ണൂർ, കോഴിക്കോട്, മലപ്പുറം, ആലപ്പുഴ എന്നിവിടങ്ങളിൽ, മട്ടാഞ്ചേരിയിൽ 30 കോടിരൂപ ചെലവിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ ഒരു പുതിയ പാലം പണിയുന്നു. ബി.എസ്.ഇ.എസ്, മായിച്ചേർന്ന് ചെറുകിട വൈദ്യുതപദ്ധതികൾ (448 കോടി രൂപ) കൊച്ചിയിൽ സ്ഥാപിച്ചു.

(ഇ) ഉണ്ട്. എല്ലാതുറകളിലും പരമാവധി സ്വകാര്യ മുതൽമുടക്ക് ആകർഷിക്കുന്നതാണ്. നെടുമ്പാശ്ശേരി വിമാനത്താവളവും കെ.എസ്.ഐ.ഡി.സി. വിഭാവനചെയ്യുന്ന ബി.ഒ.ടി. സ്കീമിലുള്ള എല്ലാ പദ്ധതികളും സ്വകാര്യപങ്കാളിത്തമുള്ളവയാണ്. അടിസ്ഥാന സൗകര്യവികസനത്തിനുവേണ്ടി, സ്വകാര്യമേഖലയെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് എറണാകുളത്തു കളമശ്ശേരിയിൽ ഒരു ഹൈടെക്പാർക്ക് നിർമ്മാണ പദ്ധതി കിൻഫ്രയെ ഏല്പിച്ചിട്ടുണ്ട്.

(എഫ്)

1. ചെറുകിട വ്യവസായമേഖലകളിൽ ടെക്നോളജി ട്രാൻസ്ഫറിനു വേണ്ടി ഒരു ധാരണാപത്രം യു.എൻ സംഘടനയായ എ.പി.സി.ടി.ടി (ഏഷ്യാപസഫിക് സെന്റർ ഫോർ ട്രാൻസ്ഫർ ഓഫ് ടെക്നോളജി) വ്യവസായവകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒപ്പുവയ്ക്കുകയുണ്ടായി. അതിന്റെ അനന്തര നടപടിയായി ജർമ്മനിയിൽനിന്നും ചൈനയിൽനിന്നുമുള്ള വിദഗ്ധർ സംസ്ഥാനം സന്ദർശിക്കുകയും പരമ്പരാഗതമായ വ്യവസായങ്ങളെപ്പറ്റി

LIBRARY ARCHIVES Kerala Legislative Assembly

ചർച്ചയും പഠനങ്ങളും നടത്തുകയും ഈറ, മുള എന്നിവയ്ക്കു പ്രാധാന്യം നൽകുന്ന ഒരു പ്രോജക്ട് തയ്യാറാക്കുകയും ചെയ്തുവരുന്നു.

2. കേരളത്തിനകത്തും പുറത്തുമുള്ള വിവിധ വ്യവസായ സംരംഭകർക്ക് നമ്മുടെ സംസ്ഥാനത്തിന്റെ വ്യവസായമേഖലകളെക്കുറിച്ച് കത്തുകൾ മുഖേന ഉദ്ബോധനം നൽകിവരുന്നു.

3. ദേശീയ അന്തർദേശീയമേഖലകളിൽനിന്നും നമ്മുടെ വ്യവസായമേഖലകളെക്കുറിച്ച് ചോദ്യങ്ങൾക്കും സംശയങ്ങൾക്കും മറുപടി നൽകിവരുന്നു.

4, മറ്റു സംസ്ഥാനങ്ങളിലെ വിവിധ മലയാളി സംഘടനകൾക്കു സംസ്ഥാന വ്യവസായ മേഖലയെക്കുറിച്ചുള്ള വിവരങ്ങളും പ്രസിദ്ധീകരണങ്ങളും അയച്ചുകൊടുക്കുന്നു.

5. ദേശീയ അന്തർദേശീയ വ്യവസായമേഖലകളിലുള്ള ചർച്ചകളിലും സെമിനാറുകളിലും പങ്കെടുക്കുകയും കേരളത്തിന്റെ വ്യവസായമേഖലകളെക്കുറിച്ച് വിവരങ്ങളും വിശദീകരണങ്ങളും നൽകിവരുകയും ചെയ്യുന്നു.

6. ദേശീയ അന്തർദേശീയ പ്രസിദ്ധീകരണങ്ങളിൽ വ്യവസായ മേഖലയെക്കുറിച്ചുള്ള പൊതുവായ വിവരങ്ങളുടെ ബോധവൽക്കരണ നടത്തിവരുന്നു.

മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും നേരിടുന്ന ബുദ്ധിമുട്ടുകൾ.

24 (*294)ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. പി.ജെ. ജോയി :
ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം മുനിസിപ്പാലിറ്റികളിലും, മുനിസിപ്പൽ കോർപ്പറേഷനുകളിലുമാണ് ഇപ്പോൾ ഡ്രെയിനേജ് സംവിധാനം, ചപ്പുചവറുകളുടെ സംസ്ക്കരണം, മാലിന്യനിർമ്മാർജ്ജനം, കുടിവെള്ളം എന്നിവയുടെ അപര്യാപ്തതമൂലം ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നത് എന്നു വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇത് എപ്രകാരം പരിഹരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്;

(സി) പ്രധാനപ്പെട്ട ഈ പ്രശ്നങ്ങൾക്ക് എന്നത്തേയ്ക്ക് പരിഹാരം കാണാൻ കഴിയും;

(ഡി) ഇതിനുവേണ്ടി ഘട്ടം ഘട്ടമായുള്ള പരിപാടി ആസൂത്രണം ചെയ്യാനുദ്ദേശമുണ്ടോ;

(ഇ) എങ്കിൽ വിശദാംശം നൽകുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

(എ) കുടിവെള്ളക്ഷാമം, ഡ്രെയിനേജ് സംവിധാനത്തിന്റെ അഭാവം എന്നിവ മിക്കവാറും എല്ലാ നഗരപ്രദേശങ്ങളും അനുഭവിക്കുന്ന പ്രശ്നമാണ്. ഇതിൽത്തന്നെ തീരപ്രദേശത്തെ പ്രധാന നഗരങ്ങളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, കോഴിക്കോട്, വടകര, കണ്ണൂർ, തലശ്ശേരി,

LIBRARY ARCHIVES Kerala Legislative Assembly